# ജി.എൽ.പി.എസ്
# വെങ്ങൂർ

# സ്കൂൾ അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ.എൽ.പി.സ്കൂൾ വെള്ളൂർ |
| വിലാസം | : വെള്ളൂർ പി.ഒ, കണ്ണൂർ ജില്ല. പിൻ 670307 |
| ഫോൺ | : 04985 266365 |
| ഇ മെയിൽ | : glpsvellur@gmail.com. |
| സ്കൂൾ കോഡ് | : 13917 |
| വിദ്യാഭ്യാസ ഉപജില്ല. | : പയ്യന്നൂർ. |
| വിദ്യാഭ്യാസ ജില്ല. | : തളിപ്പറമ്പ |
| റവന്യൂ ജില്ല. | : കണ്ണൂർ. |
| ബി.ആർ.സി | : പയ്യന്നൂർ |
| സി.ആർ.സി | : ജി.എൽ.പി.എസ് വെള്ളൂർ. |
| തദ്ദേശ സ്വയംഭരണ സ്ഥാപനം | : പയ്യന്നൂർ നഗരസഭ. |
| ബ്ലോക്ക് പഞ്ചായത്ത് | : പയ്യന്നൂർ |
| ജില്ലാ പഞ്ചായത്ത് | : കണ്ണൂർ |
| നിയമസഭാ മണ്ഡലം | : പയ്യന്നൂർ |
| ലോകസഭാ മണ്ഡലം | : കാസറഗോഡ്. |
| താലൂക്ക് | : തളിപ്പറമ്പ്. |
| വില്ലേജ് | : വെള്ളൂർ |
| ബ്ലോഗ് | : glpschool vellur.blogspot.in |
| ഫെയ്സ്ബുക്ക് ഐ.ഡി. | : GLPS Vellur. |

# ഉള്ളടക്കം.

| നമ്പർ | വിഷയം | പേജ്നമ്പർ |
|---|---|---|
| 1. | ആമുഖം. | |
| 2. | വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട് | |
| 3. | മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ വിഷയാടിസ്ഥാനത്തിൽ<br>1. മലയാളം<br>2. അറബിക്<br>3. ഗണിതം.<br>4. പരിസരപഠനം.<br>5. ഇംഗ്ലീഷ്. | |
| 4. | പദ്ധതി വിശദാംശങ്ങൾ (പ്രവർത്തന കലണ്ടർ) | |

| വർഷം | കുട്ടികളുടെ എണ്ണം. (I - IV) | പ്രീപ്രൈമറി. |
|---|---|---|
| 2025 - 26 | | |
| 2024 - 25 | | |
| 2023 - 24 | 304 (BOYS) + 258 (Girls) **562** | |
| 2022 - 23 | 294 (BOYS) + 275 (Girls) **569** | |
| 202[illegible] - 22 | 305 (BOYS) + 282 (Girls) 587. | |

പിന്നീട് വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവാണുണ്ടായിരുന്നത്.

എന്നാൽ നൂറുവർഷം ദേശീയ പാതവികസനം വന്നതോടെ കുട്ടികളുടെ എണ്ണത്തിൽ നേരിയ കുറവ് വന്നിട്ടുണ്ട്.

സ്കൂളിലേക്ക് ആദ്യമായി കടന്നു വരുന്ന ഏതൊരാളിലും മതിപ്പുളവാക്കുന്ന ഭൗതികാന്തരീക്ഷമാണ് ഇവിടെയുള്ളത്. ആധുനിക രീതിയിൽ സജ്ജമാക്കിയ മിനി ഓഡിറ്റോറിയം ഉൾപ്പെടെ സ്കൂളിന്റെ ഓരോ ഭാഗവും മൂലയും ഏവരെയും ആകർഷിക്കുന്ന രീതിയിലുള്ളതാണ്. കുട്ടികളുടെ വിശ്രമവേളകൾ സുഖപ്രദമാക്കുന്നതിനായി സ്കൂൾ മുറ്റത്ത് തണൽ മരങ്ങൾ നട്ടു സംരക്ഷിച്ചിട്ടുള്ളതും, കുട്ടികളുടെ പാർക്കും, വിശാലമായ സ്റ്റേജും ആദ്യ നോട്ടത്തിൽത്തന്നെ മനസ്സിൽ സ്ഥാനം പിടിക്കുന്നവയാണ്.

പ്രീ-പ്രൈമറി, 1, 2, 3, 4 ക്ലാസ്സുകളിലായി 500-ഓളം കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ ഹെഡ്മാസ്റ്ററും, 19 അധ്യാപകരും, ഒരു അറബി അധ്യാപികയും, ഒ.എ.യും അനധ്യാപകർക്കൊപ്പം പ്രീ-പ്രൈമറിയിൽ 4 അധ്യാപകരും, ആയ. ഒരു ആയയും ഉണ്ട്. അതോടൊപ്പം അക്കാദമിക മികവും സബ്ജില്ലയിൽ എടുത്തു പറയത്തക്ക രീതിയിലാണ്. 2023-24 വർഷത്തിൽ 50 L.S.S ഉം, 2024-25 വർഷത്തിൽ 57 L.S.S ഉം നേടി സംസ്ഥാനത്തുതന്നെ മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്ത് തലത്തിലും, സബ്ജില്ലാതലത്തിലും നടന്ന ക്വിസ് മത്സരങ്ങളിലും വിജയിക്കാൻ കഴിഞ്ഞിട്ടുണ്ട്.

കൂടാതെ പാഠ്യേതര-വിഷയങ്ങളിൽ വിജയമുദ്രപതിപ്പിക്കാൻ നമ്മുടെ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. പ്രവൃത്തിപരിചയമേള, ശാസ്ത്ര-ഗണിതശാസ്ത്ര-സാമൂഹ്യശാസ്ത്ര മേളയിലും ഓവറോൾ ഒന്നാമതെത്താൻ നമ്മുടെ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. അറബി കലാമേളയിൽ ഒന്നാം സ്ഥാനവും, സബ്ജില്ലാ കലോത്സവത്തിൽ രണ്ടാം സ്ഥാനം നേടാനും കഴിഞ്ഞത് മികച്ച നേട്ടമായി കരുതുന്നു.

2024-25 വർഷത്തിൽ സതീശൻ.എ ആയിരുന്നു ഹെഡ്മാസ്റ്റർ. "നല്ല ശരീരത്തിൽ മാത്രമേ നല്ല മനസ്സുണ്ടാവൂ" എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ പഠനപ്രവർത്തനങ്ങളോടൊപ്പം തന്നെ പാഠ്യേതര പ്രവർത്തനങ്ങളായ നൃത്തം, ഫുട്ബോൾ, നീന്തൽ എന്നിവ പരിശീലിപ്പിച്ച് കുട്ടികളുടെ ശാരീരികക്ഷമത ഉയർത്തുക, ചിന്തിച്ച് പ്രവർത്തിക്കുക, എന്നതിലൂടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും-അങ്ങനെ ചിരിച്ചും, ചിന്തിച്ചും കുട്ടികളുടെ ശാരീരിക-മാനസിക നിലവാരം ഉയർത്തി പഠനവേഗത വർദ്ധിപ്പിക്കുക എന്നതാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്.

കൂടാതെ സ്പോർട്സിനും, ഗെയിംസിനും അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകി വരുന്നുണ്ട്. ഇങ്ങനെ കുട്ടികളെ അവരുടെ കഴിവിനും, അഭിരുചിക്കും അനുസരിച്ച് ഉയർത്തി ഒരു മികച്ച സമൂഹത്തെ സൃഷ്ടിക്കുവാനുള്ള ശ്രമത്തിലാണ് ജി.എൽ.പി.സ്കൂൾ വെള്ളൂർ. ആനന്ദകരമായ പഠനാനുഭവങ്ങൾ സൃഷ്ടിച്ച് കുട്ടികളുടെ സമഗ്രവികസനത്തിലൂടെ

'വിദ്യാഭ്യാസം ജീവിത വിജയത്തിന്' എന്ന കാഴ്ചപ്പാടോ
കൂടി മുന്നേറുകയാണ് ഈ വിദ്യാലയം.

വിഷൻ: വിദ്യാഭ്യാസം ജീവിത വിജയത്തിന്.

സമ്പൂർണമായ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും.

ജി.എൽ.പി.എസ്. വെള്ളൂർ - 2025-26.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം:

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, എല്ലാവിഭാഗം കുട്ടികളേയും വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമാക്കുക, എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ആണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 2025-26 അധ്യയന വർഷത്തിൽ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളേയും ഉൾക്കൊള്ളുന്നതും, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരേയും ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. കുട്ടികളിലെ വൈകാരിക-വൈജ്ഞാനിക-സാമൂഹിക പ്രശ്നങ്ങൾ മറികടന്ന് മുൻനിരയിലെത്തിക്കുക, പഠനവിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാനലക്ഷ്യമാണ്. പഠനപ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കാനും, പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു. മത്സരപ്പരീക്ഷകളിലും കലാകായിക പ്രവൃത്തി പരിചയ മേളകളിലും കുട്ടികളുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനും, അതുവഴി വിദ്യാലയത്തിന്റെ യശസ്സ് ഉയർത്തുന്നതിനും ആവശ്യമായ നടപടികൾ പദ്ധതി ലക്ഷ്യമിടുന്നു.

# പൊതുലക്ഷ്യങ്ങൾ

- ഓരോ ക്ലാസ്സിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പുവരുത്തുക.
- ഓരോ കുട്ടിയിലുമുള്ള കഴിവ് കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനന്തരീക്ഷവും, ഭൗതികസാഹചര്യവും ഒരുക്കി എടുക്കുക.
- ICT അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക-അക്കാദമിക തയ്യാറെടുപ്പുകൾ ഉറപ്പാക്കാം.
- മുഴുവൻ ക്ലാസ്സിലും ICT സാധ്യത ഉറപ്പുവരുത്തുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി ആവശ്യമായ പഠനതന്ത്രങ്ങൾ ഒരുക്കുക.
- ലഘുപഠന യാത്രകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുക.
- കുട്ടികളിൽ വായനയെ പോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരിക്കുക.
- സമൂഹവുമായി വിദ്യാലയത്തെ കൂടുതൽ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ജൈവ-വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.
- ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ഉചിതം, വേസ്റ്റ് മാനേജ്മെന്റ് മലിനജലനിർമ്മാർജ്ജനം എന്നിവ കൃത്യമായി നടപ്പിലാക്കൽ.
- ഉച്ചഭക്ഷണം കാര്യക്ഷമമായി നടപ്പിലാക്കുക.

# മലയാളം

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.
- സർഗ്ഗാത്മക രചനയ്ക്കും, പ്രകടനത്തിനുമുള്ള അവസരം ഒരുക്കുക.
- ആശയങ്ങൾ വ്യത്യസ്ത രീതിയിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- മികച്ച വായനാശീലം വളർത്തുക.

| പഠനലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ■ കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | ■ പുസ്തകം എന്റെ ചങ്ങാതി. ലൈബ്രറി പുസ്തക വിതരണം ചെയ്യുന്നു. | ജൂൺ | Class Tr. |
| ■ മികച്ച വായനാശീലം വളർത്തുക. | ■ എന്റെ പിറന്നാൾ പുസ്തകം. കുട്ടികൾക്ക് പിറന്നാളിന് ഒരു പുസ്തകം വീതം നൽകുന്നു. | ജൂൺ-മാർച്ച് | Class Tr. H.M. PTA |
| ■ ആശയങ്ങൾ വ്യത്യസ്ത രീതിയിൽ ആവിഷ്കരിക്കൽ | ■ കയ്യെഴുത്തു മാസിക. രചനോത്സവം സംഘടിപ്പിക്കുക. | ജൂൺ-മാർച്ച് | Class Tr H.M. |
| ■ സർഗ്ഗാത്മക രചന പ്രകടനം | ■ സ്കൂൾ അനൗൺസ്മെന്റ്, അസംബ്ലി, പാട്ടരങ്ങ്. | ജൂൺ-മാർച്ച് | Class Tr |
| ■ ഉയർന്ന സാഹിത്യാഭിരുചി വളർത്തുക. | കഥായനം. | ജൂൺ-മാർച്ച് | Class Tr. |
| ■ ഉയർന്ന ചിന്താശേഷി വളർത്തുക. | ■ Star of the week. ക്വിസ് മത്സരം. | ജൂൺ-മാർച്ച് | Trs. |

# ENGLISH

## Aim.

- To speak, Read and write English without fear and mistakes.
- To check the vocabulary and writing skills of pupils.
- To develop listening and reading skills.
- To develop creative speaking and writing.
- To express thoughts and feelings etc.

| Learning out comes | Activities | Duration | Agency. |
|---|---|---|---|
| ▪ To develop Listening Skills. | Conversation, story, skit. Games, Action Songs. | June-March. | class Tr. |
| • Speaking skills. | School assembly. English assembly. Self introduction. | August -March. | class Tr. HM. |
| ▪ Reading skills. | Library books, Birth day gift books. News paper. Story books. | June - March. | class Tr. HM. |
| ▪ writing Skills. | Arrange the Shuffeled Stories, Story based Picture, Diary. | June - March. | class Tr. |

# ഗണിതം

**ലക്ഷ്യങ്ങൾ**

- കുട്ടികളിൽ സംഖ്യാബോധം ഉറപ്പിക്കുന്നതിന്.
- സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നതിന്.
- ഉചിതമായ ക്രിയകൾ കണ്ടെത്തി പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിന്.
- ഉല്ലാസ ഗണിതം -
- ദൂരം, ഉള്ളളവ് - ഊഹിക്കുന്നതിനും, താരതമ്യം ചെയ്ത് ബന്ധം കണ്ടെത്തുന്നതിനും.
- കൃത്യതയോടെയും, സൂക്ഷ്മതയോടെയും കൈകാര്യം ചെയ്യുന്നതിന്.
- ഉപകരണങ്ങൾ പരിചയപ്പെടുന്നതിന്.
- ഗണിത പഠനത്തിൽ താല്പര്യം ജനിപ്പിക്കുന്നതിനും, ഗണിതവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ സ്വന്തമായി ഏർപ്പെടുന്നതിന്.
- ഗണിത പഠനത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനും, ഗണിത പഠനത്തിൽ അഭിരുചി വളർത്തുന്നതിനും.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| കുട്ടികളിൽ സംഖ്യാബോധം ഉറപ്പിക്കുന്നതിന്. | ഗണിതക്കളികൾ, കാർഡ്കളി, ഈർക്കിൽ കളി, എണ്ണിയും പാടിയും. ICT കളിപ്പെട്ടി. | ജൂൺ-മാർച്ച് | class TR |
| സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നതിന്. | സംഖ്യാവൃക്ഷം, ഒറ്റകൾ, സ്ഥാനവില ബോർഡ്, അബാക്കസ്, സംഖ്യാസ്ട്രിപ്പ് | ജൂൺ-മാർച്ച് | class TR |
| ഉചിതമായ ക്രിയകൾ കണ്ടെത്തി പ്രായോഗിക പ്രശ്നനിർദ്ധാരണം ചെയ്യുന്നതിന്. | ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ. സംഖ്യാക്കളികൾ. ICT, സങ്കലന ഉണ്ണിയപ്പം | ജൂൺ-മാർച്ച് | class TR |
| ഉല്ലാസഗണിതം - | പൂമ്പാറ്റയെ പൂന്തോട്ടത്തിലെത്തിക്കാം. കുട്ടിക്കൂട്ടം - പാട്ട് പാടാം. Ten-frame. | ജൂൺ-മാർച്ച് | class TR |
| ദൂരം, ഉള്ളളവ് ഊഹിക്കുന്നതിനും താരതമ്യം ചെയ്യുന്നതിനും. | കച്ചവടക്കളി. അളവുപകരണങ്ങൾ പരിചയപ്പെടൽ. ഉപകരണങ്ങൾ പ്രദർശനം. | ജൂൺ-മാർച്ച് | class TR |
| കൃത്യതയോടെയും, സൂക്ഷ്മതയോടെയും കൈകാര്യം ചെയ്യുന്നതിന്. | പഠനോപകരണനിർമ്മാണ ശില്പശാല, പ്രദർശനം. | | class TR |

| | | | |
|---|---|---|---|
| ■ ഉപകരണങ്ങൾ പരിചയപ്പെടുന്നതിന്. | ■ ഗണിതലാബ് സജ്ജീകരിക്കൽ.<br>• ഉപകരണങ്ങൾ നിർമ്മിക്കൽ.<br>• ശേഖരിക്കൽ.<br>• ക്രമപ്പെടുത്തി സൂക്ഷിക്കൽ. | ജൂൺ മാസം | Class IV. |
| ■ ഗണിത പഠനത്തിൽ താല്പര്യം ജനിപ്പിക്കുന്നതിനു, ഗണിതവുമായി ബന്ധപ്പെട്ട വിവിധപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനു. | ■ ഗണിത ലൈബ്രറി ഒരുക്കൽ<br>· പുസ്തകശേഖരണം തരംതിരിക്കൽ ക്രമീകരിക്കൽ. | ജൂൺ - | Class IV. |
| ■ ഗണിതപഠനത്തിന്റെ ആവശ്യകത ബോധ്യപ്പെടുന്നതിനു, അഭിരുചി വളർത്തുന്നതിനു. | ■ സെമിനാർ.<br>ഗണിതശാസ്ത്രത്തിന്റെ ചരിത്രവും പ്രാധാന്യവും.<br>■ ഗണിത ശാസ്ത്രജ്ഞരുടെ ജീവചരിത്രം.<br>• പഠനത്തിലൂടെ [illegible] അറിവ്. നിർമ്മാണം. | ജൂൺ - | Class [illegible] |

# പരിസര പഠനം

## ലക്ഷ്യങ്ങൾ

- വിവിധതരം സസ്യങ്ങളെയും, ചെറുജീവികളെയും തിരിച്ചറിയുന്നതിന്.
- ജീവികളുടെ വാസസ്ഥലം സംരക്ഷിക്കുന്നതിന്.
- ജലസംരക്ഷണം
- ആരോഗ്യസംരക്ഷണം
- ലഘുപരീക്ഷണങ്ങൾ സൂക്ഷ്മതയോടെയും കൃത്യതയോടെയും ചെയ്യുന്നതിന്
- ഔഷധസസ്യങ്ങൾ തിരിച്ചറിയുന്നതിന്
- ആവാസവ്യവസ്ഥകളെ തിരിച്ചറിയുന്നതിന്.

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| • വിവിധതരം സസ്യങ്ങളെയും, ചെറുജീവികളെയും തിരിച്ചറിയുന്നതിന്. | • പ്രകൃതിയിലേക്ക് പ്രകൃതി വിസ്മയത്തിലേക്ക്<br>• ഫീൽഡ് ട്രിപ്പ്.<br>• ജൈവവൈവിധ്യ പാർക്ക്, ആമ്പൽക്കുളം<br>• മണ്ണിരക്കൃഷി, പച്ചക്കറിക്കൃഷി<br>• CD പ്രദർശനം.<br>• അഭിമുഖം.<br>• ശുചീകരണം.<br>• ഹരിതസേന.<br>കാടിനൊരുകവർ.<br>ഹരിതകൂട്ട്. | ജൂൺ-മാർച്ച് | Class Tr.<br>H.M.<br>PTA |
| • ജീവികളുടെ വാസസ്ഥലം സംരക്ഷിക്കുന്നതിന്. | • കൂടും, വീടും.<br>പക്ഷിക്കൂട് നിർമ്മാണം.<br>CD പ്രദർശനം | ജൂൺ-മാർച്ച് | Class Tr.<br>HM. |
| • ജലസംരക്ഷണം. | • ജലം - ജീവാമൃതം.<br>കിണർ സർവ്വേ,<br>ബോധവൽക്കരണക്ലാസ്സ് | ജൂൺ-മാർച്ച് | Class Tr.<br>H.M. |
| • ആരോഗ്യസംരക്ഷണം. | ആഹാരം - ആരോഗ്യം.<br>ബോധവൽക്കരണം.<br>സ്കൂൾ പച്ചക്കറിത്തോട്ടം.<br>തൊഴിലിട സന്ദർശനം | ജൂൺ-മാർച്ച് | Class Tr.<br>HM. |

| | | | |
|---|---|---|---|
| • ലഘു പരീക്ഷണങ്ങൾ | • ശാസ്ത്രീയ കളിപ്പാട്ടനിർമ്മാണം.<br>• സ്വന്തമായി പരീക്ഷണം ചെയ്യൽ<br>• ക്ലാസ്സിലൊരു ശാസ്ത്രമേള. | ജൂൺ-മാർച്ച് | ClassT. PTA. |
| • ഔഷധസസ്യങ്ങൾ തിരിച്ചറിയുന്നതിന്. | • പ്രകൃതി ഒരു പരീക്ഷണശാല.<br>• വൈദ്യശാല സന്ദർശനം<br>• അഭിമുഖം.<br>• ഔഷധത്തോട്ട നിർമ്മാണം | ജൂൺ-മാർച്ച് | ClassT H.M |
| ■ ആകാശ ഗോളങ്ങളെ തിരിച്ചറിയുന്നതിന്. | • ആകാശ വിസ്മയങ്ങൾ.<br>വീഡിയോ പ്രദർശനം.<br>വിദഗ്ദ്ധരുടെ ക്ലാസ്സ് | ജൂൺ-മാർച്ച് | ClassT |

മൂല്യനിർണ്ണയം.

- അക്കാദമിക നിലവാരം വിലയിരുത്തൽ
- നിരന്തര മൂല്യനിർണ്ണയം
- യൂണിറ്റ് മൂല്യനിർണ്ണയം
- ടേം മൂല്യനിർണ്ണയം
- വിലയിരുത്തൽ പരിഹാരബോധനം.
- വാർഷിക മൂല്യനിർണ്ണയം.